**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 'കൃഷി മന്ത്രി വിളിപ്പുറത്ത്' - ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ ജനസമ്പർക്ക പരിപാടി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**കൃഷി ( ആസൂത്രണം - എ ) വകുപ്പ്**

**സ.ഉ.(സാധാ) നമ്പർ 1065/2017/കൃഷി തീയതി, തിരുവനന്തപുരം, 30/10/2017**

---

പരാമർശം :- 1) 09/09/2014-ലെ സ.ഉ.(സാധാ) നമ്പർ 1625/2014/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 26/10/2017-ലെ റ്റി.പി.(2) 44512/2017 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ആനയറ കേന്ദ്രമാക്കി ഇന്ത്യയിൽ ആദ്യമായിത്തന്നെ നവ സാമൂഹ്യ മാധ്യമങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർഷിക വിജ്ഞാന വ്യാപന സംവിധാനമായ 'കാർഷിക വിവരസങ്കേതം ഒരു വിരൽത്തുമ്പിൽ' എന്ന സംവിധാനം പ്രവർത്തിച്ചുവരുന്നു. ഇതിൽ വിവിധ ഘടകങ്ങളായി ടോൾഫ്രീ കാൾ സെന്റർ (1800-425-1661), www.krishi.info എന്ന വെബ്പോർട്ടൽ, കർഷകർക്കായി കാർഷിക വിവരസങ്കേതം, ഇ-വിപണി, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി കാർഷിക കേരളം എന്നീ ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനുകൾ നിലവിലുണ്ട്.

2) പരാമർശം (2)-ലെ കത്ത് പ്രകാരം കൃഷി വകുപ്പിന്റേയും അനുബന്ധ സ്ഥാപനങ്ങളുടേയും സേവനങ്ങൾ കർഷരിലേയ്ക്ക് പരമാവധി എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങളും സംശയങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ 'കൃഷി മന്ത്രി വിളിപ്പുറത്ത്' എന്ന പേരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ വിശദമായി പരിശോധിക്കുകയും ഉണ്ടായി.

3) 'കാർഷിക വിവരസങ്കേതം ഒരു വിരൽത്തുമ്പിൽ' എന്ന സംവിധാനത്തിന്റെ വിപുലീകൃതമായ ഉപയോഗത്തിനും മെച്ചപ്പെട്ട സേവന വിനിമയത്തിനുമായി ബഹുമാനപ്പെട്ട കൃഷിമന്ത്രി കർഷകർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരോട് ഈ സംവിധാനത്തിലൂടെ നേരിട്ട് സംവദിക്കുവാൻ ഉതകുന്ന തരത്തിൽ 'കൃഷി മന്ത്രി വിളിപ്പുറത്ത്' എന്ന പരിപാടി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4) 'കൃഷി മന്ത്രി വിളിപ്പുറത്ത്' എന്ന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം കേരളപ്പിറവി ദിനമായ നവംബർ 1 ന് വൈകുന്നേരം 5.30 മുതൽ 6.30 വരെ പൊതുജനങ്ങളുമായി നേരിട്ട് സംവദിച്ചുകൊണ്ട് ബഹു. കൃഷി വകുപ്പ് മന്ത്രി നിർവ്വഹിക്കുന്നതാണ്. തുടർന്നുള്ള എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച ദിവസം ഇതേ സമയം ഈ പരിപാടി തുടരുന്നതാണ്. ഈ കർഷക പൊതുജന സമ്പർക്ക പരിപാടിയുടെ ഫേസ്ബുക്ക് ലൈവ് സ്ട്രീമിംഗ് കാർഷിക വിവരസങ്കേതം ഫേസ്ബുക്ക് പേജിൽ ലഭ്യമായിരിക്കുന്നതാണ്. ഈ പരിപാടി നടക്കുന്ന സമയത്ത് കൃഷി ഡയറക്ടർ, കൃഷി അഡീഷണൽ ഡയറക്ടർമാർ, എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ, കാർഷിക സർവ്വകലാശാലാ പ്രതിനിധികൾ, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എന്നിവയുടെ പ്രതിനിധികൾ തുടങ്ങിയവരുടെ സേവനവും കാൾ സെന്ററിൽ ലഭ്യമായിരിക്കും. കൂടാതെ ബ്ലോക്കുതല അസിസ്റ്റന്റ് ഡയറക്ടർമാരും തൽസമയം തങ്ങളുടെ മൊബൈൽ ഫോണുകൾ

Scanned by CamScanner

വഴി സേവന സജ്ജരായിരിക്കുന്നതാണ്. കർഷകർക്ക് 1800-425-1661 എന്ന ടോൾഫ്രീ നമ്പറിലും, 9447051661 എന്ന വാട്ട്സ്ആപ്പ് നമ്പറിലും കാർഷിക വിവരസങ്കേതം ഫേസ്ബുക്ക് പേജ് മുഖേനയും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായി സംവദിക്കുവാൻ സാധിക്കുന്നതാണ്.

5) ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ പേരുകളും, മൊബൈൽഫോൺ നമ്പറും, e-mail വിലാസവും, www.krishi.info പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതും ആയതിൽ വേണ്ടിവരുന്ന മാറ്റങ്ങൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ കാർഷിക വിവരസങ്കേതത്തിൽ അറിയിക്കേണ്ടതാണ്. ഈ കാർഷിക പൊതുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി ഉന്നയിക്കുന്ന ചോദ്യങ്ങളിൽ, തുടർനടപടികൾ ആവശ്യമായിവരുന്ന സംഗതികളിൽ കൈക്കൊണ്ട നടപടികൾ അതാത് ഉദ്യോഗസ്ഥർ കർഷകരെ അറിയിക്കേണ്ടതും കാർഷിക വിവരസങ്കേതത്തിന്റെ ഫേസ്ബുക്ക് പേജിലും, പോർട്ടലിലും രേഖപ്പെടുത്തുന്നതിനായി കാർഷിക വിവരസങ്കേതത്തിലേയ്ക്ക് ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ info@krishi.info എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയക്കേണ്ടതുമാണ്. എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ, കാർഷിക വിവരസങ്കേതം സംവിധാനത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഓഫീസർമാർ മുഖേന ബഹു. മന്ത്രിയ്ക്ക് ലഭിക്കുന്ന ചോദ്യങ്ങൾ ക്രോഡീകരിക്കുന്നതിനും വകുപ്പ് തലത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ എന്താണെന്ന് യഥാസമയം മനസ്സിലാക്കി കർഷകർക്ക് എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏഴ് ദിവസങ്ങൾക്കുള്ളിൽ നടപടി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആ വിവരം കർഷകരേയും കാർഷിക വിവരസങ്കേതത്തിലും അറിയിക്കേണ്ടതാണ്. ബഹു. കൃഷി വകുപ്പ് മന്ത്രിയ്ക്ക് ലഭിക്കുന്ന നയപരമായ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ കാർഷികോല്പാദന കമ്മീഷണർക്ക് കൈമാറേണ്ടതാണ്. കാർഷിക ഗവേഷണവുമായി ബന്ധപ്പെട്ട തുടർനടപടികൾ ആവശ്യമായ സംഗതികൾ എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ, കാർഷിക സർവ്വകലാശാലാ വൈസ് ചാൻസിലർക്ക് കൈമാറേണ്ടതാണ്. ഈ പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി പരിപാടി നടക്കുന്ന സമയത്ത് കാർഷിക വിവരസങ്കേതത്തിൽ/കാൾ സെന്ററിൽ Internet/ISDN Connection BSNL ഉറപ്പുവരുത്തേണ്ടതും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൃഷി വകുപ്പിനായി BSNL പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള സോണൽ ഓഫീസർ സമയബന്ധിതമായി പരിഹരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടീകാ റാം മീണ
എ.പി.സി. & പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
മാനേജിംഗ് ഡയറക്ടർ, ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.), ആനയറ, തിരുവനന്തപുരം.
കൊമേഴ്സ്യൽ ഓഫീസർ, ബി.എസ്.എൻ.എൽ., സ്റ്റാച്ചു തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, തിരുവനന്തപുരം.
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (കൃഷി വകുപ്പ് ഡയറക്ടർ മുഖാന്തിരം.).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് /കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
കൃഷി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

Scanned by CamScanner